# നീര ഉൽപാദനം നാളികേര ഉൽപാദക സംഘങ്ങളെ ഏൽപിക്കണം

നീര ഉൽപാദനത്തിന് തീരുമാനമെടുത്ത സർക്കാറിനെ അഭിനന്ദിക്കുന്നു. എന്നാൽ തീരുമാനത്തിൽ അപാകതകളുണ്ട്. ഏഴ് ഏജൻസികളെയാണ് നീര ഉൽപാദനം ഏൽപിക്കാൻ പോകുന്നത്. ഈ തീരുമാനം മൂലം കർഷകന് ഒരു ഗുണവും കിട്ടാത്ത അവസ്ഥ വരും. നീര ഉൽപാദനം തന്നെ ഇല്ലാതാകുകയും ചെയ്യും. ആസൂത്രിതമായി സംഘടിപ്പിക്കപ്പെട്ടതാണ് നാളികേര ഉൽപാദക സംഘങ്ങൾ. ഗ്രാമപ്രദേശങ്ങളിലെ കർഷകരുടെ കൂട്ടായ്മകളാണ് നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിൽ രൂപവത്കരിക്കപ്പെട്ട നാളികേര ഉൽപാദക സംഘങ്ങൾ.

ഏതാണ്ട് 4000ത്തിനും 6000ത്തിനും ഇടയിൽ തെങ്ങുള്ള പ്രദേശമാണ് ഈ സംഘങ്ങളുടെ പ്രവർത്തനപരിധി. 40നും 100നുമിടയിൽ അംഗങ്ങൾ ഉണ്ടായിരിക്കും ഈ സംഘങ്ങളിൽ. ഈ സംഘങ്ങൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ചും നാളികേര വികസന ബോർഡിലും രജിസ്റ്റർ ചെയ്യണം. ഇത്തരം 15 മുതൽ 25 വരെ സംഘങ്ങൾ ചേർന്ന് നാളികേര ഉൽപാദക ഫെഡറേഷനുകൾ രൂപവത്കരിച്ച് സൊസൈറ്റീസ് ആക്ട് അനുസരിച്ചും നാളികേര വികസന ബോർഡിലും രജിസ്റ്റർ ചെയ്യണം. പത്ത് ഫെഡറേഷനുകൾ ചേർത്ത് ഒരു കമ്പനിയും രൂപവത്കരിക്കാം. കേരളത്തിൽ 4000ത്തിനടുത്ത് സംഘങ്ങളും 150ഓളം ഫെഡറേഷനുകളും 10 കമ്പനികളും രൂപവത്കരിച്ചിട്ടുണ്ട്.

ഇതെല്ലാം പൂർണമായും നാളികേര കർഷകരുടെ നേതൃത്വത്തിലാണ് നടക്കുന്നത്. പല സംഘങ്ങളും ഫെഡറേഷനുകളും കമ്പനികളും സംഭരണവും ഉൽപാദനവും വിപണനവുമായി മാർക്കറ്റിൽ ഇടപെടാൻ തുടങ്ങിയിട്ടുണ്ട്. ഇതുവഴി നാളികേര കർഷകരുടെ ഇടയിൽ ഒരു ഉണർവ് ഉണ്ടായിരിക്കുന്നു. ഈ സാഹചര്യത്തിലാണ് നീര ഉൽപാദനം ഈ ത്രിതല സംവിധാനത്തെ ഏൽപിക്കണമെന്നും ആവശ്യപ്പെടുന്നത്. നീര ഉൽപാദിപ്പിക്കാൻ സംഘങ്ങളും ശേഖരിച്ച് സൂക്ഷിച്ചുവെക്കാൻ ഫെഡറേഷനും ഉൽപന്നങ്ങൾ ഉണ്ടാക്കി മാർക്കറ്റിലെത്തിക്കാൻ കമ്പനിയും എന്ന രീതിയിലാണ് ഉദ്ദേശിച്ചിട്ടുള്ളതും സർക്കാറിന് നിവേദനങ്ങൾ സമർപ്പിച്ചിട്ടുള്ളതും. ഇങ്ങനെ വന്നാൽ കർഷകന് കൂടുതൽ മെച്ചം കിട്ടും. ഇതിന്റെ ഭാഗമായി സോഫ്ട് ഡ്രിങ്ക്സ്, ഷുഗർ, ചക്കര, ബിസ്കറ്റ്, മിഠായി, തേൻ തുടങ്ങി ഒട്ടേറെ ഉൽപന്നങ്ങൾ ഉണ്ടാക്കാവുന്ന ചെറിയ സംരംഭങ്ങൾ നാട്ടിലുടനീളം വരുകയും ധാരാളം തൊഴിലവസരങ്ങൾ ഉണ്ടാവുകയും സാമ്പത്തിക മെച്ചമുണ്ടാവുകയും ചെയ്യും.

ഇതൊന്നും പരിഗണിക്കാതെ കുറെ ഏജൻസികളെ ഈ രംഗത്ത് കൊണ്ടുവന്നാൽ കുത്തകകൾക്ക് ആയിരിക്കും നേട്ടം. ഇത് കേരളത്തിലെ നാളികേര കർഷകർക്ക് അംഗീകരിക്കാൻ വയ്യ.

**പി. പ്രദീപ്കുമാർ**
പ്രസിഡന്റ്, കേരള നാളികേര
കർഷക ഫെഡറേഷൻ, കോഴിക്കോട്